# അൽഹഖ്

AHMADIYYA MUSLIM

എല്ലാവരോടും സ്നേഹം ആരോടുമില്ല വൈരം

''മാനവീകത നീണാൾ വാഴട്ടെ''

വാർത്താ പത്രിക; ലക്കം 7, വാല്യം 1

ഹിജ്റാബ്ദം 1413 ദുൽഖഅദ്-ദുൽഹജ്ജ്. ഹിജ്രി സൗരാബ്ദം 1372 ഇഹ്സാൻ 1993 ജൂൺ.


# നമസ്കാരത്തെ സംരക്ഷിക്കുക

## ഹസ്രത്ത് അമീറുൽ മുഅ്മിനീൻ

**ലണ്ടൻ: നമസ്കാരത്തിന്റെ സംരക്ഷണത്തിന് പരമ പ്രാധാന്യം നൽകുവാനും ഇക്കാര്യത്തിൽ ദത്തശ്രദ്ധരായിരിക്കുവാനും ഹസ്രത്ത് അമീറുൽ മുഅ്മിനീൻ ലോകത്തുള്ള എല്ലാ ഖുദ്ദാം, അൻസാർ, ലജ്ന ഘടകങ്ങളെയും ആഹ്വാനം ചെയ്തു. ഈ വിഷയത്തിൽ മാതാപിതാക്കൾക്ക് വമ്പിച്ച ഉത്തരവാദിത്വമുണ്ടെന്നും കുട്ടികളെ ചെറുപ്പം മുതലേ നമസ്കരിക്കുന്ന സ്വഭാവമുള്ളവരാക്കിയില്ലെങ്കിൽ നഷ്ടം സംഭവിക്കുമെന്നും ഹുസൂർ ഓർമപ്പെടുത്തി.** കഴിഞ്ഞ ഏപ്രിൽ 23ന് ജുമുഅ ഖുത്ബ നിർവഹിക്കുകയായിരുന്നു തിരുമനസ്സ്.



ഖുത്ബയുടെ തുടക്കത്തിൽ സൂറത്തുൽ ബഖറയിലെ 239-ാം ആയത്ത് പാരായണം ചെയ്തുകൊണ്ട് പറഞ്ഞു ഞാൻ എന്റെ ഖുത്ബ മുഖേന ലോകത്തുള്ള എല്ലാ വ്യക്തികളോടും നമസ്കാരത്തെ സംരക്ഷിക്കാൻ ഉപദേശിച്ചുകൊള്ളുന്നു.. തർബിയത്തിന്റെ എല്ലാ അവസരങ്ങളിലും നൽകാവുന്ന ഏറ്റവും പ്രധാനപ്പെട്ട ഉപദേശം നമസ്കാരത്തെ സംരക്ഷിക്കുക എന്നുള്ളതാണ്. حَافِظُوا عَلَى الصَّلَوَاتِ എന്ന വിഷയത്തിൽ നമസ്കാരങ്ങളുടെ സംരക്ഷണത്തിൽ പരസ്പരം മത്സരിക്കുവിൻ, എന്നും, പരസ്പരം നമസ്കാരങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിൽ എന്നും ഉള്ള താല്പര്യം അടങ്ങിയിരിക്കുന്നു. നിങ്ങൾ നമസ്കാരത്തെ സംരക്ഷിച്ചാൽ നമസ്കാരം നിങ്ങളെ സംരക്ഷിക്കുന്നതാണ്. അത് നിങ്ങളെ എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കുക മാത്രമല്ല എല്ലാ പ്രകട ദുഃഖങ്ങളിൽ നിന്നും സംരക്ഷിക്കുന്നതാണ്. അല്ലാഹു വി: ഖുർആനിൽ ഇതു വിഷയത്തെ കുറിച്ചു വ്യക്തമാക്കിക്കൊണ്ട് പറയുന്നു: 'വസ്തഈനൂ ബിസ്സബ്‌രി വസ്സലാത്ത്' (2:46) അതായത് അല്ലാഹുവിൽ നിന്ന് സഹായം തേടുന്ന സന്ദർഭത്തിൽ ക്ഷമ കൊണ്ടും നമസ്കാരം കൊണ്ടും സഹായം തേടുക. ക്ഷമ മാത്രം മതിയാവുകയില്ല, സ്വലാത്ത് ക്ഷമയ്ക്ക ശക്തി നൽകുന്നു. [ബാക്കി 2-ാം പേജിൽ]

# ശാന്തി കൈവരുത്താൻ മതപഠനം അനിവാര്യം-അമീർ



തിരൂർ: സ്വമതത്തെക്കുറിച്ചും അന്യമതങ്ങളെക്കുറിച്ചും മതവിശ്വാസികൾ അറിഞ്ഞു പഠിക്കുകയാണെങ്കിൽ ശാന്തിയും സമാധാനവും സ്ഥാപിക്കാൻ കഴിയുമെന്നും മതങ്ങളൊന്നും കലഹിക്കാൻ പഠിപ്പിക്കുന്നില്ലെന്നും കേരള നാഇബ് അമീർ കെ.പി. കുഞ്ഞാമു സാഹിബ് അഭിപ്രായപ്പെട്ടു. തിരൂർ മുനിസിപ്പൽ ടൗൺഹാളിൽ [illegible] അൽ ഖുർആൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹിന്ദുവിന് ഹിന്ദുമതത്തെക്കുറിച്ച് ക്രിസ്ത്യാനിക്ക് ക്രിസ്തുമതത്തെക്കുറിച്ചോ മുസ്ലിമിന് ഇസ്ലാംമതത്തെക്കുറിച്ചോ ഇന്ന് ശരിക്ക് അറിഞ്ഞുകൂടാത്ത അവസ്ഥയാണെന്ന് അമീർ സാഹിബ് ചൂണ്ടിക്കാട്ടി. യോഗത്തിൽ ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അധ്യക്ഷത വഹിച്ചു. വിശുദ്ധ ഖുർആന്റെ തത്വങ്ങൾ പ്രചരിപ്പിക്കാൻ അഹ്മദിയ്യാ ജമാഅത്ത് ആഗോള തലത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു അദ്ദേഹം പറഞ്ഞു. നാഇബ് അമീർ ഡോ. മൻസൂർ സാഹിബ്, സീനിയർ മുബല്ലിഗ് മൗലാനാ മുഹമ്മദ് അബ്ദുൽ വഹാബ് സാഹിബ് എന്നിവർ ആശംസാപ്രസംഗം നടത്തി. ടി.കെ. മുഹമ്മദ് സാഹിബ് ഖുർആൻ പാരായണം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി പി.എം. അബ്ദുല്ല സാഹിബ് സ്വാഗതവും കൺവീനർ ടി.കെ. അമീറലി സാഹിബ് നന്ദിയും പറഞ്ഞു.

(രണ്ടാം പേജ് കാണുക)

# ഖുദ്ദാം പ്രതിജ്ഞ പ്രാവർത്തികമാക്കുക

— മൗലാനാ മുഹമ്മദ് ഉമർ സാഹിബ് HA

**മുറിയക്കണ്ണി:** ഖുദ്ദാമുൽ അഹ്മദിയ്യാ അംഗങ്ങൾ അല്ലാഹുവിനെയും റസൂലിനെയും സാക്ഷിയാക്കിക്കൊണ്ട് അല്ലാഹുവിന്റെ ഭവനങ്ങളിൽ വെച്ചു ചെയ്യുന്ന സത്യപ്രതിജ്ഞ അക്ഷരം പ്രതി പാലിക്കണമെന്നും, അതൊരു തമാശയോ വഞ്ചനയോ ആകരുതെന്നും ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് HA അഹ്മദീ യുവാക്കളെ ഉദ്ബോധിപ്പിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് മേഖലാ ഇജ്തിമാ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മൗലവി സാഹിബ്. പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ അത് പാലിക്കുക തന്നെ വേണം. അല്ലെങ്കിൽ പ്രതിജ്ഞാപരിപാടി തന്നെ നിർത്തിവെക്കുന്നതാണ് നല്ലത്. കാരണം പ്രതിജ്ഞ പാലിക്കാത്തവർ ഫാസിഖുകളാണെന്നു ഖുർആൻ പറയുന്നു. പ്രതിജ്ഞയുടെ ഗൗരവം ബോധ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു. സംസ്ഥാന ഖാഇദ് P.P. ഹസ്സൻ കോയ സാഹിബ് അധ്യക്ഷത വഹിച്ചു. [ബാക്കി പേജ് 2ൽ]

# മധ്യനമസ്കാരങ്ങൾ എങ്ങിനെ സംരക്ഷിക്കണം?

(ജുമുഅ ഒന്നാം പേജിൽ നിന്ന് തുടർച്ച)

ആദ്യം ഓതിയ ആയത്തിൽ 'വസ്സ്വലാത്തിൽ വുസ്ത്വാ' എന്നാണ് ഉദ്ധരിച്ചു പറയുന്നത്. അതായത് മധ്യ നമസ്കാരങ്ങളിൽ നിന്നും അശ്രദ്ധരാവരുത് എന്ന്. മധ്യ നമസ്കാരം എന്നതിന് പണ്ഡിതന്മാർ വ്യാഖ്യാതാക്കൾ പല അർഥങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ ഏറ്റവും ഉചിതമായ അർഥം ഇതാണ് ഒരു മനുഷ്യന്റെ തന്റെ വ്യക്തിപരമായ ചുറ്റുപാടുകൾ വളരെ പ്രയാസപ്പെട്ടതായി വരുന്ന സമയങ്ങളിൽ വരുന്ന നമസ്കാരം അയാളെ സംബന്ധിച്ചിടത്തോളം 'സ്വലാത്തിൽ വുസ്ത്വാ' ആയിരിക്കുന്നതാണ്. അതായത് ഏതെങ്കിലും നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കാൻ സാധിക്കാതെ വരും എന്ന അവസരമുണ്ടെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം അത് തന്നെയാണ് മധ്യ നമസ്കാരം. ഈ അർഥത്തിന്റെ അടിസ്ഥാനത്തിൽ ഏതൊരുത്തർ തങ്ങളുടെ ദേഹേച്ഛയുടെ പ്രലോഭനത്തിന്റെ ഫലമായി തങ്ങളുടെ മനസ്സിനോട് അനുവാദം ചോദിച്ചുകൊണ്ട് രണ്ട് നമസ്കാരങ്ങളെ ജംഅ് ആക്കുന്ന സ്വഭാവമുണ്ടാക്കുന്നുവോ അവരുടെ ആ നമസ്കാരങ്ങൾ 'സ്വലാത്തിൽ വുസ്ത്വാ' (മധ്യ നമസ്കാരം) ആയിമാറുന്നതാണ്.

അതുപോലെ ഏതൊരുത്തർ രാത്രിയിൽ വൈകോളം പറഞ്ഞുകൊണ്ടിരിക്കുകയും വൈകി ഉറങ്ങാനിരിക്കുകയും അങ്ങിനെ തങ്ങളുടെ പ്രഭാത നമസ്കാരം പിഴുകളയുകയും ചെയ്യുന്നുവോ അവർക്ക് അവരുടെ ആ ഫജ്ർ (പ്രഭാത) നമസ്കാരം 'സ്വലാത്തിൽ വുസ്ത്വാ' ആയിരിക്കുന്നതാണ്. ഇതിനെ സംബന്ധിച്ചാണ് അല്ലാഹു പറയുന്നത് ഈ മധ്യ നമസ്കാരത്തെയും സംരക്ഷിക്കുവിൻ. അതിനെ നഷ്ടപ്പെടുത്താതിരിക്കുവിൻ എന്ന്.

നമസ്കാരം നിങ്ങളുടെ പാപങ്ങളെയും ന്യൂനതകളെയും സംബന്ധിച്ച് നിങ്ങളെ ബോധവാന്മാരാക്കുന്നു. അഞ്ചുനേര നമസ്കാരങ്ങൾ ആത്മീയമായ നിലയിൽ മനുഷ്യനെ ഉണർത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ അവസാന ഫലമായി മനുഷ്യൻ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നു. പിന്നീട് ഒരു സമയത്ത് വിശ്വാസിയുടെ നമസ്കാരങ്ങൾ ഫലദായകമായിത്തീരുകയും അതിൽ നിന്നു മാധുര്യം ആസ്വദിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ഹുസൂർ ലോകത്തുള്ള എല്ലാ ഖുദ്ദാമുൽ അഹ്മദിയ്യാ, അൻസാറുല്ലാ, ലജ്ന ഇമാഇല്ലാ തുടങ്ങിയവരെയും അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. നമസ്കാരത്തിന്റെ സംരക്ഷണത്തിന് ഏറ്റവും അധികം പ്രാധാന്യം നൽകാൻ എല്ലാ പോഷകഘടകങ്ങളും ഈ കാര്യത്തിൽ ശ്രദ്ധാലുക്കളും ഉണർന്നിരിക്കുകയും ചെയ്യണം. ഹാഫിളൂ (حافظوا) എന്ന വാക്കിന് പരസ്പരം ഒരാൾ മറ്റൊരാളുടെ നമസ്കാരത്തെ സംരക്ഷിക്കുക എന്ന അർഥം കൂടിയുണ്ട്. ഈ കാര്യത്തിൽ ഏറ്റവും വലിയ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ കുട്ടികളെ ചെറുപ്പം മുതലേ നമസ്കരിക്കുന്ന സ്വഭാവമുള്ളവരാക്കുന്നില്ലെങ്കിൽ പിന്നീട് അത്തരം കുട്ടികൾ കൈവിട്ടുപോകാറാണ് പതിവ്.

കാരുണ്യത്തോടെയല്ലാതെ ഉപദേശങ്ങൾക്ക് നല്ല ഫലം കാണാൻ സാധ്യമല്ല. ഹ: മുഹമ്മദ് നബി (സ)ന്റെ ഉപദേശങ്ങൾക്ക് പരിപൂർണഫലം കാണാൻ സാധിച്ചിരുന്നുവെങ്കിൽ അതിനുള്ള കാരണം അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഉറവിടം കാരുണ്യമായിരുന്നു എന്നതാണ്.

റബ്വയിൽ സംഘടിപ്പിച്ച തർബിയത്ത് ക്ലാസിനെ അനുസ്മരിച്ചുകൊണ്ട് ഇത്തരം തർബിയത്ത് ക്ലാസുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കേണ്ടതാണെന്ന് ഹുസൂർ പറഞ്ഞു. പുതിയ അഹ്മദികളുള്ള, ജനങ്ങൾ കൂട്ടത്തോടെ ഇസ്‌ലാമിലേക്കും അഹ്മദിയ്യത്തിലേക്കും കടന്നുവരുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചും. അത്തരം ക്ലാസുകളിൽ പുതിയ അഹ്മദികളോട് വിശേഷിച്ചും നമസ്കാരത്തെ സംരക്ഷിക്കുന്നതിനായി ഉപദേശിക്കേണ്ടതാണ്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(ജുമുഅ ഖുതുബ 23.4.93 സംഗ്രഹം ബദ്ർ 29.4.93)
ആശയാനുവാദം: **മൗലവി ടി.എം. മുഹമ്മദ് സാഹിബ്**

# എക്സിബിഷൻ: തിരൂരിലും വിജയം

**ശാന്തി കൈവരുത്താൻ..... തുടർച്ച**

എക്സിബിഷൻ ചെയർമാൻ എം. ആലിക്കോയ സാഹിബ്, നാസിം അത്ഫാൽ ബി.എം. കോയാ സാഹിബ് സംസ്ഥാന വാഖ്ഫ് ഹസ്സൻകോയസാഹിബ് തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

മെയ് 16ന് രാവിലെ 11 മണിക്ക് ആരംഭിച്ച് 5 ദിവസം നീണ്ടുനിന്ന എക്സിബിഷൻ മലപ്പുറം മേഖലയിലെ ആറു ജമാഅത്തുകൾ ചേർന്നാണ് സംഘടിപ്പിച്ചത്. വാണിയമ്പലം ജമാഅത്ത് പ്രസിഡന്റ് പി.കെ. അലവി സാഹിബ് ചെയർമാനായി പ്രവർത്തിച്ചു. ആയിരക്കണക്കിലാളുകൾ പ്രദർശനം കാണാനെത്തുകയും രണ്ടായിരത്തോളം രൂപയുടെ പുസ്തകങ്ങൾ വിൽപന നടക്കുകയും ചെയ്തു. മുസ്‌ല്യാക്കന്മാരും പള്ളി ദർസുകളിൽ ഓതിപഠിക്കുന്നവരും സാധാരണക്കാരായ ധാരാളം ആളുകൾ ചർച്ചകളിലേർപ്പെടുകയുമുണ്ടായി. മൗലവി മഹ്മൂദ് അഹ്മദ് സാഹിബ്, MHT ഇമ്പിച്ചാമദ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന തബ്‌ലീഗ് സെക്രട്ടറി APM സൈഫുദ്ദീൻ സാഹിബ്, കൊടുങ്ങല്ലൂർ സലീം സാഹിബ്, മൗലവി യൂസുഫ് സാഹിബ്, മൗലവി മെയ്തീൻ കുട്ടി സാഹിബ് എന്നിവർ സംശയങ്ങൾക്ക് മറുപടി നൽകുകയും ചർച്ചകൾ നയിക്കുകയും ചെയ്തു. പതിവുപോലെ കൺവീനർ M. റഫീഖ് സാഹിബിന്റെ നേതൃത്വത്തിലുള്ള ഖുദ്ദാം സംഘം എക്സിബിഷന്റെ സംവിധാനം നിർവഹിച്ചു. മുഅല്ലിമീങ്ങളായ C.H. അബ്ദുറഹ്മാൻ സാഹിബ്, K. മൊയ്തീൻ സാഹിബ് TK ഷൗക്കത്തലി സാഹിബ് എന്നിവരടക്കം വിവിധ ജമാഅത്തുകളിൽ നിന്നുള്ള മുപ്പതോളം പേർ വാളണ്ടിയർമാരായി സേവനമനുഷ്ഠിച്ചു.

# പാലക്കാട് മേഖലാക്യാമ്പ്

**[പ്രതിജ്ഞ...... ......]**
**1-ാം പേജിൽ നിന്ന്**

മുഅല്ലിം മുഹമ്മദ് യൂസുഫ് സാഹിബിന്റെ തിലാവത്തോടെയാണ് യോഗം ആരംഭിച്ചത്. അധ്യക്ഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കുറിയക്കണ്ണി ജമാഅത്ത് പ്രസിഡന്റ് T. രായു സാഹിബ് മണ്ണാർക്കാട് ജമാഅത്ത് വൈസ് പ്രസിഡന്റ് MK അബ്ദുൽ അസീസ് സാഹിബ്, AK മുഹമ്മദ് കോയ സാഹിബ് എന്നിവർ ആശംസാപ്രസംഗം നടത്തി. മേഖലാസെക്രട്ടറി H. സുലൈമാൻ കാവശ്ശേരി സ്വാഗതമാശംസിക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഉദ്ഘാടകനും, മൗലവി T M മുഹമ്മദ് സാഹിബും തർബിയത്ത് ക്ലാസ്സെടുത്തു. വാളണ്ടിയർമാരായ S. നാസിർ അഹ്മദ് മണ്ണാർക്കാട്, K. മുബശ്ശിർ അഹ്മദ് കുറിയക്കണ്ണി, C.P. വസീം അഹമ്മദ് അമനല്ലൂർ, T.M. മുസ്തഫ കോയമ്പത്തൂർ, H. സുലൈമാൻ കാവശ്ശേരി എന്നിവർ പ്രവർത്തനങ്ങൾ വിവരിച്ചു. വിവിധ മത്സരങ്ങൾ നടത്തി വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. [8-ാം പേജും കാണുക]

# തലസ്ഥാനത്ത് തബ്‌ലീഗ്, തർബിയത്ത് പരിപാടികൾ

തിരുവനന്തപുരം: ഏപ്രിൽ 20, 21, 22, 23 തീയതികളിൽ തിരുവനന്തപുരം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ തഅ്‌ലീം തർബിയത്ത് തബ്‌ലീഗ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്, ജമാഅത്ത് പ്രസിഡന്റ് R. ജമാലുദ്ദീൻ സാഹിബ്, ബാഇദ്ഫൗസ് ജമാൽ, മാതൃജമാഅത്ത് ജനറൽ സെക്രട്ടറി S. ബാവാ ഖാൻ സാഹിബ് എന്നിവർ തിരുവനന്തപുരം റെയിൽവേ ചീഫ് കംട്രോളർ M അഷ്റഫ് അനീസ് സാഹിബിന്റെയും, തിരുവനന്തപുരം അസിസ്റ്റൻറ് ഡെവലപ്മെൻറ് കമ്മീഷണർ A. നസീറുദ്ദീൻ സാഹിബിന്റെയും വീടുകൾ സന്ദർശിച്ച് തഅ്‌ലീം, തർബിയത്ത് യോഗങ്ങൾ നടത്തി. നിലമേൽ എന്ന സ്ഥലത്ത് രണ്ട് അനഹ്മദി വീടുകൾ സന്ദർശിച്ച് തബ്‌ലീഗും നടത്തി. അനഹ്മദികൾ അഹ്മദിയ്യാ സന്ദേശം ശ്രദ്ധയോടെ കേൾക്കുകയും സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ചെയ്തു. അവർക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യണമെന്ന് അപേക്ഷിക്കുന്നു. — ഫൗസ് ജമാൽ.

# ആധുനിക വിജ്ഞാനവ്യാപന പരിപാടി ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ആധുനിക ശാസ്ത്ര വൈജ്ഞാനിക രംഗത്തെ പുരോഗതി വികാസങ്ങൾ സാധാരണക്കാർക്ക് പരിചയപ്പെടുത്തിക്കൊടുക്കാനുള്ള കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യയുടെ പ്രഭാഷണ പരിപാടി സൂബാ അമീർ AR കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി 'ഇസ്ലാമിക ശാസ്ത്രവും സമൂഹവും' എന്ന വിഷയത്തെക്കുറിച്ച് മയ്യടനെ ബൈത്തുൽ ഖുദ്ദൂസിൽ പഠന ക്ലാസ് നടത്തി. എല്ലാ വിജ്ഞാനങ്ങളും മാനവരാശിയുടെ പൊതു സ്വത്താണെന്നും ഭൗതിക സ്വാതന്ത്ര്യവാദ ചിന്തകളും അധാർമികതയും സാമൂഹ്യക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നതും ആണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അമീർ സാഹിബ് പറഞ്ഞു. കോഴിക്കോട് സർവകലാശാലയിലെ ബോട്ടണി വകുപ്പ് മേധാവി ഡോ. പവിത്രൻ പ്രഭാഷണം നടത്തി. മൗലവി മുഹമ്മദ് അബ്ദുൽ വഹാബ് സാഹിബ് ആശംസാ പ്രസംഗം നടത്തി. മുഹമ്മദ് യൂസുഫ് സാഹിബ് ഖുർആൻ പാരായണം ചെയ്തു. കോഴിക്കോട് ഖാഇദ് AM മുഹമ്മദ് സലീം സാഹിബ് സ്വാഗതം പറഞ്ഞു.

# കൃതജ്ഞത അറിയിച്ചു

ആലപ്പുഴ: മുനിസിപ്പൽ മൈതാനത്തുനടന്ന എക്സിബിഷൻ വിജയിപ്പിക്കാൻ പരിശ്രമിച്ച എല്ലാ സഹോദരൻമാർക്കും ആലപ്പുഴ ജമാഅത്ത് പ്രസിഡന്റ് MM ബഷീർ സാഹിബും കൺവീനർ KRM ഷരീഫ് സാഹിബും ഹൃദയംഗമമായ കൃതജ്ഞതയും പ്രാർഥനയും അറിയിച്ചു.

# വഖ്ഫെ നൗ: മാതാപിതാക്കൾ ചെയ്യേണ്ട കാര്യങ്ങൾ

വഖ്ഫെ നൗ പദ്ധതിയിൽ മക്കളെ സമർപ്പിച്ചിട്ടുള്ള മാതാപിതാക്കൾ ചെയ്യേണ്ട കാര്യങ്ങൾ:
★ രാവിലെ ഉണർന്ന് തഹജ്ജുദ് നമസ്കരിക്കാൻ ശ്രമിക്കുക ★ പിതാവ് കൃത്യസമയത്ത് നമസ്കാരങ്ങൾ ജമാഅത്തായി നമസ്കരിക്കുക ★ മാതാവ് വീട്ടിൽ കൃത്യസമയത്ത് നമസ്കരിക്കുക ★ ദിവസവും ഉച്ചത്തിൽ ഖുർആൻ ഓതുക ★ കുട്ടിയെ വൃത്തിയിൽ വെക്കുക, വൃത്തികേടായാൽ ഉടനെ വൃത്തിയാക്കുക ★ കുട്ടിയെ നഗ്നതയിൽ വിടരുത്, കാലാവസ്ഥയ്ക്കനുസരിച്ച വസ്ത്രങ്ങൾ ധരിപ്പിക്കുക ★ കുട്ടിയെ അമിതമായി ഊട്ടുന്നതും നാറുന്നതും ഒഴിവാക്കുക, അതു കൊണ്ടു പലദോഷങ്ങളുമുണ്ടാകാനിടയുണ്ട് ★ മാതാവ് കുട്ടിക്ക് രണ്ടുകൊല്ലം മുലപ്പാൽ കൊടുക്കുക നിർബന്ധിതാവസ്ഥയിൽ കൊടുക്കേണ്ടതില്ല ★ കുട്ടിക്ക് കൃത്യസമയത്ത് കണക്കനുസരിച്ച് (ആവശ്യാനുസരണം) ഭക്ഷണം കൊടുക്കുക. മറ്റു കാര്യങ്ങൾ ചെയ്യുമ്പോഴും സമയനിഷ്ഠ പാലിക്കുന്ന സ്വഭാവമുണ്ടാക്കുക.

● കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ കൃത്യസമയത്ത് നടത്തുക. വഖ്ഫെ നൗ ഓഫീസിന്റെ സഹായത്തോടെ കുട്ടിയെ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിച്ചുകൊണ്ടിരിക്കുക ● കുട്ടിയോട് അദബോടെ സംസാരിക്കുക. അടിക്കുന്നതും വേദനിപ്പിക്കുന്നതും കളിയാക്കുന്നതും ഒഴിവാക്കുക ● കുട്ടികളെ പേടിപ്പെടുത്തുന്ന കഥകൾ കേൾപ്പിക്കാതിരിക്കുക. ധീരതയുടെയും നല്ല ആളുകളുടെയും സംഭവങ്ങളും കഥകളും കേൾപ്പിക്കുക. ● ചുരുങ്ങിയത് മാസത്തിൽ ഒരു തവണയെങ്കിലും ദുആക്കുവേണ്ടി ഹുസൂർ തിരുമനസ്സിന് കത്തെഴുതിക്കൊണ്ടിരിക്കുക. ● താഴെ പറയുന്ന പുസ്തകങ്ങൾ വായിച്ച് അത് പ്രകാരം കുട്ടികൾക്ക് ശിക്ഷണം നൽകുക. കാമിയാബി കീ രാഹേം, മിൻഹാജുത്താലിബീൻ, അല്ലാഹ് കീ ബാതേം I & II, ബച്ചോം കീ പർവരിഷ്, വാക്കിഫീനെ നൗ (കേ വാലിദൈൻ കീ രസൂൽ മാളൂ കേലിയേ) നൻവ്വ, ഉർ എന്നീ പുസ്തകങ്ങൾ. ●

* 'ഞാൻ വഖ്ഫെ നൗവിലെ മുജാഹിദാണ്. അനുസരണമുള്ളവനും നല്ലകുട്ടിയുമാണ്' എന്ന് കുട്ടികളോട് പറയിപ്പിക്കുക * കുട്ടികൾക്ക് പൈസയോ മറ്റ് സാധനങ്ങളോ കൊടുത്ത് അത് അവരുടേതാണെന്ന് പറഞ്ഞ് കൊടുക്കുകയും അതിൽ നിന്ന് മറ്റുള്ളവർക്ക് കൊടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക. അത് മുഖേന സദഖ, ദാനധർമം, കൂട്ടുകാരെയും സാധുക്കളെയും സഹായിക്കൽ തുടങ്ങിയ സ്വഭാവഗുണങ്ങൾ ഉണ്ടാകുന്നതാണ്. കൂടാതെ സഹായിക്കാനും വഖാറെ അമൽ ചെയ്യാനുമുള്ള ശിക്ഷണം കൊടുക്കുക. * കുട്ടിയെ ഒറ്റയ്ക്ക് കളിക്കാൻ വിടാതെ സ്വന്തം കൺമുമ്പിൽ കളിക്കുന്ന സ്വഭാവമുണ്ടാക്കുക * കുട്ടികൾക്ക് വേണ്ടി എപ്പോഴും ദുആ ചെയ്യുക.

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യേണമേ! ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമേ! (അൽഫുർഖാൻ 75) എന്ന് ദുആ ചെയ്തുകൊണ്ടിരിക്കുക

## 1 മുതൽ 2 വയസ്സുവരെ നൽകേണ്ട ശിക്ഷണം

* ഏതൊരു പ്രവൃത്തിയും തുടങ്ങുന്നതിനു മുമ്പായി കുട്ടിയുടെ മുമ്പിൽ ഉച്ചത്തിൽ بسم الله الرحمن الرحيم ചൊല്ലുക.
* ഭക്ഷിക്കാൻ തുടങ്ങുമ്പോൾ بِسْمِ اللّٰهِ وَعَلٰى بَرَكَةِ اللّٰهِ എന്ന ദുആയും കഴിഞ്ഞാൽ اَلْحَمْدُ لِلّٰهِ الَّذِيْ أَطْعَمَنَا وَسَقَانَا وَجَعَلَنَا مِنَ الْمُسْلِمِيْنَ എന്ന ദുആയും അതുപോലെ ഓരോ സന്ദർഭത്തിലും അനുയോജ്യമായ മറ്റു ദുആകളും ഉച്ചത്തിൽ ചൊല്ലുക.
* തിരുനബി(സ)യുടെ പേര് വരുമ്പോൾ സല്ലല്ലാഹു അലൈഹി വസല്ലം എന്ന് ഉച്ചത്തിൽ പറയുക.

(ബാക്കി എട്ടാം പേജിൽ)

# അൽ ഹഖ്


**ചിന്താ വിഷയം**

ഖുർആനികാധ്യാപനങ്ങൾക്കനുസരിച്ച് നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിൽ വേണ്ടിവരുന്ന ശുദ്ധീകരണപ്രക്രിയകൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇസ്‌ലാമിന്റെ സന്ദേശങ്ങളുമായി പുറത്തിറങ്ങി പ്രവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കുന്നതല്ല. — ഖലീഫത്തുൽ മസീഹ് IV

# ഒരു സാമ്പത്തിക വർഷം കൂടി വിട പറയുന്നു.

ജൂൺ 30ന് അഹ്‌മദിയ്യാ ജമാഅത്തിന്റെ ഒരു സാമ്പത്തിക വർഷം കൂടി വിടപറയുകയാണ്. നിർബന്ധ ചന്ദ കൃത്യമായും സത്യസന്ധമായും അടച്ചുതീർക്കുന്നവർ പൂർവോപരി ത്യാഗമനുഷ്ഠിക്കാനുള്ള അദമ്യമായ ആഗ്രഹവുമായി പുതിയ സാമ്പത്തിക വർഷത്തിന്റെ ആഗമനവും കാത്തിരിക്കുകയായിരിക്കും. ചന്ദയും ജൽസ സാലാനയും കുടിശ്ശിക വന്നവരാകട്ടെ ജൂൺ 30നകം അതടച്ചുതീർക്കാനുള്ള ബദ്ധപ്പാടിലുമായിരിക്കും. സാമ്പത്തിക ത്യാഗത്തിന്റെ മഹത്വം മനസ്സിലാക്കാത്തവരോ യാതൊരു ആഗ്രഹവും അസ്വസ്ഥതയും കാണിക്കാതെ അലസരായിരിക്കുന്നുമുണ്ടാകും!

ലോകത്ത് ഒരു ജമാഅത്തിലും കാണാൻ കഴിയാത്ത, ക്രമീകൃതവും വ്യവസ്ഥാപിതവുമായ സാമ്പത്തിക സംവിധാനമാണ് അഹ്‌മദിയ്യാ ജമാഅത്തിലുള്ളത്. ലോകത്തു മുഴുവനുമായി നടക്കുന്ന ഇസ്‌ലാമിക നവോത്ഥാന പ്രക്രിയയിൽ സാമ്പത്തികമായി ഓരോ അംഗവും, ധനികദരിദ്ര, സ്ത്രീ പുരുഷ ഭേദമെന്യേ ഭാഗവാക്കാകുമാറ് അവരുടെ വരുമാനത്തിൽ നിന്നും ഒരു നിശ്ചിത തോതനുസരിച്ച് നൽകപ്പെടുന്ന സംവിധാനം ദൈവികപ്രസ്ഥാനമായ അഹ്‌മദിയ്യാ ജമാഅത്തിന്റെ സവിശേഷത തന്നെയാണ്. വരുമാനത്തിന്റെ ആറേകാൽ ശതമാനമെന്ന തോത് കൃത്യമായി പാലിക്കപ്പെടുമ്പോൾ ഉച്ചനീചത്വ ഭേദങ്ങളുടെ സങ്കല്പം തന്നെ അർഥരഹിതമായി മാറുന്നു. ഓരോരുത്തരും തങ്ങൾക്കെത്ര ലഭിക്കുന്നുവോ അതിന്റെ 6¼ ശതമാനം നൽകുമ്പോൾ, ധനികന് താൻ അധികം നൽകുന്നുവെന്നോ ദരിദ്രന് താൻ നൽകുന്നത് കുറവാണെന്നോ ഉള്ള ചിന്താഗതിക്ക് സ്ഥാനമില്ലാതാകുന്നു. അങ്ങിനെ അഹങ്കാരവും അപകർഷതാ ബോധവും ഒരേ അവസരത്തിൽ നിർമാർജനം ചെയ്യപ്പെടുന്നു. ഇപ്രകാരം ഇസ്‌ലാമിന്റെ ക്ഷേമം കാംക്ഷിച്ചുകൊണ്ട് ധനികദരിദ്ര വ്യത്യാസമില്ലാതെ ഒരേനിലയിൽ വ്യവസ്ഥാപിതമായി സമ്പത്ത് ത്യാഗം ചെയ്യുന്ന മറ്റൊരു സംഘടനയും ഇല്ല എന്നത് അഹ്‌മദികൾക്ക് അഭിമാനിക്കത്തക്കതാണ്. ദൈവിക സംവിധാനത്തിന്റെ മഹത്വം മനസ്സിലാക്കാൻ മതിയായ ദൃഷ്ടാന്തവുമാണ്.

ചന്ദ കൃത്യമായും സത്യസന്ധമായും നൽകുക എന്നത് യഥാർഥ വിശ്വാസിയുടെ കടമയാണ്. ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ആജ്ഞാനിർദ്ദേശങ്ങൾ ഇക്കാര്യത്തിലും കണിശമായി പാലിക്കാൻ ശ്രദ്ധാലുക്കളാകാത്തവരുടെ വിശ്വാസം ബലഹീനമാണെന്നേ കരുതാനാവൂ. മൂന്നു മാസം തുടർച്ചയായി ചന്ദ കൊടുക്കാത്തവർ ജമാഅത്തിൽപ്പെട്ടവരല്ലെന്ന നിയമം അതിലേക്കു വിരൽ ചൂണ്ടുന്നു. വിശ്വാസപരമായി അവർ ദൂരപ്പെടുന്നു എന്നു തന്നെ. നിശ്ചിത തോതനുസരിച്ച് ചന്ദ നൽകാൻ കഴിയാത്തവർ ഇളവിനായി ഹുസൂർ (അയ്യദഹുല്ലാഹു....)ന് അപേക്ഷ നൽകുകയാണു വേണ്ടത്. സ്വയമായി ഇളവുചെയ്യാൻ ബൈഅത്ത് ചെയ്തവരെന്നവകാശപ്പെടുന്നവർക്ക് അനുവാദമില്ല. കാലത്തിന്റെ ഇമാമിന്റെ കൽപനകൾക്കൊത്ത വണ്ണം സാമ്പത്തിക ത്യാഗമനുഷ്ഠിച്ചെങ്കിലേ സാമ്പത്തിക ത്യാഗമനുഷ്ഠിക്കുന്നവർക്ക് അല്ലാഹു നൽകിയിട്ടുള്ള സവിശേഷങ്ങൾക്കും വരപ്രസാദങ്ങൾക്കും നാം അർഹരാവുകയുള്ളൂ. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

— എഡിറ്റർ —

## എക്സിബിഷൻ - അൽ-ഖുർആൻ

# തബ്‌ലീഗ് രംഗത്ത് ഒരു പുതിയ വഴിത്തിരിവ്

— ഒബ്സർവർ —

കഴിഞ്ഞ ആറുമാസത്തിനിടയിൽ കേരളത്തിലെ ആറു കേന്ദ്രങ്ങളിൽ വിജയകരമായി പ്രദർശിപ്പിക്കപ്പെട്ട 'എക്സിബിഷൻ അൽ ഖുർആൻ' കാലവർഷത്തിനു വഴിമാറിക്കൊടുത്തുകൊണ്ട് താൽക്കാലം സമാപിച്ചിരിക്കുകയാണ്.

അഹ്‌മദിയ്യാ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ലോകമെമ്പാടും വിശുദ്ധ ഖുർആൻ പരിഭാഷകളുടെയും മറ്റു ഗ്രന്ഥങ്ങളുടെയും, അഹ്‌മദിയ്യാ പ്രവർത്തനങ്ങൾ കാണിക്കുന്ന വർണചിത്രങ്ങളുടെയും പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലാകട്ടെ വിശുദ്ധ ഖുർആന്റെ സത്യവും സൗന്ദര്യവും പ്രകടമാക്കുന്നതും പ്രപഞ്ചോൽപത്തി മുതൽ ആധുനിക കാലഘട്ടം വരെയുള്ള കാര്യങ്ങൾ ഖുർആൻ വചനങ്ങളുടെ വെളിച്ചത്തിൽ അനാവരണം ചെയ്യുന്നതുമായ ബോർഡുകളും അതോടനുബന്ധിച്ച് സജ്ജമാക്കുകയുണ്ടായി. 'മിനാരത്ത്' മാസികയുടെ എഡിറ്ററായ എം. അബ്ദുല്ലക്കോയ സാഹിബാണ് ഈ നൂതന പരിപാടി ആവിഷ്കരിച്ചത്. 'എക്സിബിഷൻ അഹ്‌മദിയ്യാ' എന്ന പേരിൽ അത് കോഴിക്കോട്ടും കണ്ണൂരും പ്രദർശിപ്പിക്കുകയുമുണ്ടായി. എന്നാൽ വേണ്ടത്ര വിജയം അന്ന് കരസ്ഥമാക്കാൻ കഴിഞ്ഞിരുന്നില്ല.

പിന്നീട് 92 ഡിസംബറിൽ പാലക്കാട്ട് ഖുദ്ദാമിന് സമ്മേളനം നടക്കുന്നതിനോടനുബന്ധിച്ചാണ് എക്സിബിഷൻ ആലോചനാ വിഷയമായത്. പല ഭാഗങ്ങളിൽ നിന്നുമുയരുന്ന കാര്യം ഉപേക്ഷിക്കാനുള്ള സാധ്യതയുണ്ടായെങ്കിലും സംസ്ഥാന ഖുദ്ദാമുൽ അഹ്‌മദിയ്യാ സധൈര്യം അതേറ്റെടുക്കാൻ മുന്നോട്ടുവന്നു. അങ്ങിനെ എക്സിബിഷൻ അഹ്‌മദിയ്യ പുതിയ രൂപഭാവങ്ങളോടെ 'എക്സിബിഷൻ അൽ ഖുർആനായി' പാലക്കാട് കണ്ടത്ത് കോംപ്ലക്സിൽ സജ്ജമാക്കിയ പന്തലിൽ അവതരിക്കുകയായിരുന്നു. അനേകായിരങ്ങളെ ആകർഷിക്കുകയും പൊതുജനശ്രദ്ധയിൽ സർവകാല റിക്കാർഡ് സൃഷ്ടിക്കുകയും ചെയ്ത പ്രദർശനമാണ് എക്സിബിഷൻ പരിപാടിക്ക് നവചൈതന്യം പകരുകയും അതിനെ ഫലപ്രദമായ പ്രചാരണ മാധ്യമമാക്കുകയും ചെയ്തതെന്ന് പറഞ്ഞാൽ അത് തികച്ചും ശരിയായിരിക്കും.

എക്സിബിഷനെക്കുറിച്ചു കേട്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിൽ നിന്നുണ്ടായ പ്രതികരണമാകട്ടെ അതിനെ ഉദാത്തമായ തലങ്ങളിലേക്കുയർത്തി. മറ്റുള്ളവരുടെ പരിപാടികളെ ആശ്രയിക്കാതെ സ്വതന്ത്രമായി അതു സംഘടിപ്പിക്കുവാനും അങ്ങിനെ ജനങ്ങളെ ആകർഷിക്കുവാനുമാണ് ഹുസൂർ (അയ്യദഹുല്ലാഹു) പ്രചോദനമരുളിയത്.

അതിനുശേഷം കൊടിയത്തൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മുക്കത്ത് നടന്ന എക്സിബിഷൻ ധാരാളം പേർ സന്ദർശിച്ചു. എന്നാൽ എറണാകുളം മേഖലയിലെ ജമാഅത്തുകൾ ചേർന്ന് എറണാകുളം ടൗൺഹാളിൽ സംഘടിപ്പിച്ച എക്സിബിഷന്റെ

# മസ്ജിദ് അഖ്സയിലേക്കു കല്ലേറ്!

ഖാദിയാൻ: ദാറുൽ അമാൻ: ഇവിടത്തെ പരിപാവനമായ മസ്ജിദ് അഖ്സയുടെ ഉൾഭാഗത്തേക്ക് ചെറിയ തോതിൽ കല്ലേറുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഹിന്ദുക്കളാണത്രെ ഇതിനു പിന്നിൽ. ഇത്തരമായ പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ വിജയപുരോഗതികളിൽ അസൂയ പൂണ്ട ഒരു ചെറിയ വിഭാഗം ഹൈന്ദവർ മാത്രം ഇപ്രകാരം ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്നു. സഹോദരങ്ങൾ ദാറുൽ അമാന്റെയും, അതിലെ ദാറുൽ അമാന്റെയും സംരക്ഷണത്തിനായി സദാ ദുആ ചെയ്തുകൊണ്ടിരിക്കാൻ അപേക്ഷിക്കുന്നു.

**ദാറുൽ അമാൻ വാർത്തകൾ**
**സ്വന്തം ലേഖകൻ**

## മൗലവി സൈനുദ്ദീൻ സാഹിബ് ശാമിലേക്ക്

ഖാദിയാൻ മദ്റസ അഹ്മദിയ്യായിലെ അധ്യാപകനും മലയാളിയുമായ മൗലവി.K. സൈനുദ്ദീൻ സാഹിബ് ഹാമിദ് അറബിയിൽ ഉന്നത പഠനം നടത്തുന്നതിനായി ഹദ്റത്ത് അമീറുൽ മുഅ്മിനീൻ നിർദ്ദേശിച്ചതനുസരിച്ച് സിറിയ (ശാം) യിലേക്ക് പോകുന്നു. കണ്ണൂരിനടുത്ത മാത്തമംഗലം സ്വദേശിയായ ഇദ്ദേഹം പുളിക്കൽ അറബിക്കോളേജിൽ പഠിച്ചുകൊണ്ടിരിക്കെ അഹ്മദിയ്യായ കാരണത്താൽ അവിടെ നിന്നു ബഹിഷ്കൃതനാവുകയാണുണ്ടായത്. പിന്നീട് ഖാദിയാൻ ശരീഫിലെത്തി ഒരുവർഷത്തെ പഠനത്തിനു ശേഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും HA (ഹോണേഴ്സിൽ ഇൻ അറബിക്) ഡിഗ്രി കരസ്ഥമാക്കി തുടർന്ന് മദ്റസ അഹ്മദിയ്യയിൽ തന്നെ നിയമിതനായി.

## ഇജ്തിമാകൾ ഒക്ടോബറിൽ

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും, ലജ്ന ഇമാഇല്ലായുടെയും അഖിലേന്ത്യാ ഇജ്തിമാകൾ -സമ്മേളനങ്ങൾ 93 ഒക്ടോബർ 22, 23, 24 തിയ്യതികളിൽ പരിശുദ്ധ ഖാദിയാനിൽ നടക്കുമെന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ മുഹമ്മദ് ആരിഫ് സാഹിബും, ലജ്ന അഖിലേന്ത്യാ പ്രസിഡന്റ് അമത്തുൽ ഖുദ്ദൂസ് സാഹിബയും പ്രത്യേകം പ്രത്യേകം സർക്കുലറുകൾ മുഖേന അറിയിച്ചിരിക്കുന്നു.

ആത്മീയോത്തേജനത്തിനുപകരിക്കുന്ന കേന്ദ്ര ഇജ്തിമായിൽ കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കാൻ ശ്രമിക്കണമെന്ന് സദർ സാഹിബ് അഭ്യർഥിച്ചു.

കേന്ദ്ര ഇജ്തിമായുടെ അതേ തിയ്യതികളിൽ സംസ്ഥാനങ്ങളിലും ഇജ്തിമാ നടത്താൻ ലജ്ന പ്രസിഡന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

## ലജ്നയ്ക്ക് മേഖലാ സെക്രട്ടറിമാർ

കോഴിക്കോട്: കേരളത്തിൽ ലജ്നാ ഇമാഇല്ലയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി മൂന്നു മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും സെക്രട്ടറിമാരെ നിയമിച്ചിരിക്കുന്നതായി സംസ്ഥാന ലജ്നാ പ്രസിഡന്റ് അമത്തുൽ ഹഫീസ് സാഹിബ അറിയിച്ചു.

കണ്ണൂർ, കൂത്താളി, മട്ടന്നൂർ, മർക്കര, പഴയങ്ങാടി, കടലായി, കല്പറ്റ, കൊല്ലാൻ, മഞ്ചേശ്വരം, മംഗലാപുരം എന്നീ ജമാഅത്തുകൾ ഉൾപ്പെടുന്ന ഉത്തരമേഖലയുടെ സെക്രട്ടറി പഴയങ്ങാടിയിലെ വി. താഹിറാബി സാഹിബയാണ്.

കോഴിക്കോട്, കൊടിയത്തൂർ, കൽപേനി, ചേലക്കര, പാലക്കാട്, വാണിയമ്പലം, പള്ളിപ്പുറം, കരുളായി, കൽക്കുളം, മണ്ണാർക്കാട്, അയനല്ലൂർ, മുറിയങ്കണ്ണി, കാവശ്ശേരി, പത്തഴിരിയം, തിരൂർ, കോയമ്പത്തൂർ എന്നീ ജമാഅത്തുകൾ ഉൾപ്പെടുന്ന മധ്യമേഖലയുടെ സെക്രട്ടറിയായി നിയമിതയായിരിക്കുന്നത് കോഴിക്കോട്ടെ എം. നിർമ്മിയാ ഇഉറത്ത് സാഹിബയാണ്.

കരുനാഗപ്പള്ളി, ആദിനാട്, ഐരാപുരം, എറണാകുളം, കൊച്ചി, കാക്കനാട്, പള്ളുരുത്തി, ആലപ്പുഴ, മൂവാറ്റുപുഴ, മാള, കൊട്ടാരക്കര, കൊടുങ്ങല്ലൂർ എന്നീ ജമാഅത്തുകൾ ദക്ഷിണമേഖലയിൽ ഉൾപ്പെടുന്നു. ആബിദ ബീബി സാഹിബയാണ് സെക്രട്ടറി.

# എക്സിബിഷൻ... വഴിത്തിരിവ്

ണ് അതു സ്വതന്ത്രമായി നടത്തിയാലും വിജയിക്കുമെന്ന ശുഭാപ്തി വിശ്വാസം പകർന്നത്. കാക്കനാട് അബ്ദുർറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ എറണാകുളം എക്സിബിഷനെ പാലക്കാട് എക്സിബിഷനോട്ട് കിടപിടിക്കുന്ന ഒരു വിജയത്തിലെത്തിച്ചു. പിന്നീട് കരുനാഗപ്പള്ളി ജമാഅത്ത് കരുനാഗപ്പള്ളിയിലും ആലപ്പുഴ ജമാഅത്ത് ആലപ്പുഴ മുനിസിപ്പൽ മൈതാനത്തും, മലപ്പുറം മേഖലയിലെ ജമാഅത്തുകൾ ചേർന്ന് തിരൂർ ടൗൺഹാളിലും നടത്തിയ എക്സിബിഷനുകളും വമ്പിച്ച വിജയമായിരുന്നു. ഒട്ടാകെ മൂന്നര ലക്ഷത്തിലധികം രൂപയുടെ പുസ്തകങ്ങളാണ് ആറുമാസത്തിനകം വിറ്റഴിഞ്ഞത്.

ചുരുക്കത്തിൽ എക്സിബിഷൻ ഈ വർഷത്തെ തബ്‌ലീഗ് രംഗത്ത് പുതിയൊരു വഴിത്തിരിവാണെന്ന കാര്യത്തിൽ സംശയമില്ല. ഇത് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഒട്ടും ശങ്കിക്കേണ്ടതില്ല. ഒരു സംസ്ഥാന സമ്മേളനം കൊണ്ടു നേടാവുന്നതിലുപരി പ്രചാര വിജയം എക്സിബിഷൻ കൊണ്ടുണ്ടായിട്ടുണ്ട്. ആളുകൾ സ്വതന്ത്രമായി വന്ന് വായിച്ചു മനസ്സിലാക്കുകയും അത്ഭുതപ്പെടുകയും സംശയ നിവൃത്തി വരുത്തുകയും ചെയ്യുന്നു എന്നത് എക്സിബിഷന്റെ ശ്രദ്ധേയമായ വശമാണ്. മുസ്‌ലിം കേന്ദ്രമായ തിരൂരിൽ മുസ്‌ലിയാക്കന്മാർ തന്നെ കൂട്ടത്തോടെ വന്നെത്തുകയും ചർച്ച നടത്തുകയുമുണ്ടായി. ഇപ്രകാരമുള്ള ശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ സ്വതന്ത്രമായി തബ്‌ലീഗ് നടത്താൻ ഇതുപോലെ മറ്റു മാർഗമുണ്ടെന്നു തോന്നുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാദങ്ങളും തെളിവുകളും വിശദീകരണങ്ങളുമടങ്ങുന്ന ബോർഡ് രൂപത്തിൽ സ്ഥിരം പ്രദർശിപ്പിക്കാൻ തയ്യാറാക്കിയാൽ ഈ യത്നം സമ്പൂർണ്ണ വിജയമാവും തീർച്ച. ●

## ഖിലാഫത്ത് ദിനം

കാവശ്ശേരി: ഖിലാഫത്ത് ദിനാചരണത്തിന്റെ ഭാഗമായി ചേർന്ന യോഗത്തിൽ പ്രസിഡന്റ് H. സുലൈമാൻ വിഷയമവതരിപ്പിച്ചു സംസാരിച്ചു. എ. എ. സലീം ഖിറാഅത്ത് നിർവ്വഹിച്ചു.

## ആഗോള ബൈഅത്ത്

ഖാദിയാൻ: ഈ വർഷത്തെ ജൽസാ സാലാനയുടെ അവസരത്തിൽ ഉപഗ്രഹം വഴി ഒരാഗോള ബൈഅത്ത് നടക്കുമെന്നും, ഓരോ നാട്ടിൽ നിന്നും ആയിരക്കണക്കിലും പതിനായിരക്കണക്കിലും ബൈഅത്തുകളുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നതായും ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞതായി നാസിർ സാഹിബ് അഅ്‌ലാ അറിയിച്ചു. U.K.യിൽ നടക്കുന്ന ജൽസയിൽ, ബൈഅത്ത് ചെയ്യുന്നവരുടെ ഓരോ പ്രതിനിധി ഓരോ നാട്ടിൽ നിന്നും പങ്കെടുക്കുകയും ഹുസൂറിന്റെ കൈകളിൽ ബൈഅത്ത് ചെയ്യുകയും ചെയ്യും. ഇന്ത്യയിൽ നിന്ന് 5000 ബൈഅത്താണ് പ്രതീക്ഷിക്കുന്നത്. സഹോദരങ്ങൾ പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.



# കത്തുകൾ....

The Editor
AL HAQ
KHUDDAMUL AHMADIYYA
KAVASSERY P.O. 678543

## കൃതജ്ഞത ; അനുമോദനങ്ങൾ

താങ്കളുടെ അൽഹഖ് മാസിക ലഭിക്കാറുണ്ട്. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത് വളരെയേറെ ഉപകാരപ്രദമാണ്. ഇക്കാര്യത്തിൽ എന്റെ ഹൃദയം നിറഞ്ഞ സന്തുഷ്ടിയും കൃതജ്ഞതയും അറിയിച്ചുകൊള്ളുന്നു. അല്ലാഹു താങ്കൾക്കും താങ്കളുടെ കൂലികൾക്കും, താങ്കളുമായി സഹകരിക്കുന്നവർക്കും അളവററ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ആമീൻ. എന്റെ ഹാർദ്ദമായ അനുമോദനങ്ങൾ സ്വീകരിച്ചാലും

വിനീത,

**അമത്തുൽ ഹഫീസ്**
കോഴിക്കോട്.
പ്രസിഡന്റ്, കേരള സ്റ്റേററ്
ലജ്നഃ ഇമാഇല്ലാഹ്

## പേജ് വർധിപ്പിക്കണം

അൽഹഖ് ഞാൻ സ്ഥിരമായി വായിക്കാറുണ്ട്. ഇസ്ലാമിന്റെ വലിയ സത്യങ്ങളിലെ കാലികപ്രസക്തങ്ങളായ കാര്യങ്ങൾ സംഗ്രഹിച്ചുകൊണ്ടുള്ള റിപ്പോർട്ടിംഗ് വളരെ ഫലപ്രദമാണ്. പ്രാദേശിക ജമാഅത്തുകളുടെ മുതൽ ആഗോളതലം വരെയുള്ള നമ്മുടെ പ്രവർത്തന പരിപാടികളുടെ വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന രീതി ഇനിയും ഒന്നുകൂടി ചലനാത്മകമാക്കാം. Lay out ഉം എഡിററിംഗും വളരെ നന്നായിട്ടുണ്ട്. പി.ടി.വി, ഇന്റർനെററ് മുതലായ സങ്കേതങ്ങളിലൂടെ പ്രിന്റിംഗ് ടെക്നോളജി ഇത്രയധികം പുരോഗമിച്ച ഇക്കാലത്ത് മസീഹിന്റെ ഇൽഹാമിന്റെ സത്യത അതിശയിക്കുന്ന ബോധമാണ് താങ്കളുടെ അൽഹഖ് ജനിപ്പിക്കുന്നത്. പേജ് ഇനിയും വർദ്ധിപ്പിക്കണം. അൽഹഖിന്റെ വളർച്ചയ്ക്കുവേണ്ടി ദുആ ചെയ്യുന്നു. അല്ലാഹു താങ്കളുടെ സദുദ്യമം വിജയിപ്പിക്കട്ടെ.

**– A.M. മുഹമ്മദ് സലീം**
ബാലുശ്ശേരി, കോഴിക്കോട്.

# മസീഹുദ്ദജ്ജാൽ ഒരു വിവരണം

കൊച്ചിയിലെ ഇസ്ലാം റെക്കോർഡ്സ് റെക്കോഡ് ചെയ്ത് പുറത്തിറക്കിയിട്ടുള്ള, കാക്കനാട് അബ്ദുർറഹ്മാൻ സാഹിബിന്റെ ഒരു പ്രഭാഷണമാണ് 'മസീഹുദ്ദജ്ജാൽ ഒരു വിവരണം.' ദജ്ജാലിനെ കുറിച്ചുള്ള പണ്ഡിത സങ്കല്പങ്ങളിലെ യുക്തിരാഹിത്യം തുറന്നു കാട്ടാനും ദജ്ജാലിന്റെ യഥാർഥ രൂപം അനുവാചകർക്കു നൽകാനും കാക്കനാടിനു കഴിഞ്ഞിട്ടുണ്ട്. ദജ്ജാലിന്റെ അർഥം പലരുകളും പറയുന്നവർ എന്നാണ്. ദജ്ജാലിന്റെ ഫിത്നയിൽ നിന്നു രക്ഷപ്പെടുന്നതിനു വേണ്ടി ഓതാൻ നിർദ്ദേശിക്കപ്പെട്ട സൂറ: ആയത്തുകളിൽ, അല്ലാഹുവിനു പുത്രനുണ്ടെന്ന പെരുങ്കള്ളം പറയുന്ന ഒരു ജനതയെ കുറിച്ചാണു പറയുന്നത്. അപ്പോൾ ക്രൈസ്തവ ശാസ്ത്രക്കാരാണ് ദജ്ജാലെന്നു വ്യക്തമാകുന്നു. മനസ്സിൽ പതിയുന്ന രീതിയിൽ ലളിതമായി കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. വാഗ്ദത്ത മസീഹിന്റെ ആവിർഭാവവും ദജ്ജാലിൻ നിധനത്തിന്റെ വർണനവും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പരിശുദ്ധവും തുടങ്ങി ഒട്ടേറെ കാര്യങ്ങൾ വിവരിക്കുന്ന ഈ കാസററിന് 34 രൂപയാണ് വില – എച്ച്. എസ്

# പരീക്ഷാ സിലബസ്

## നമസ്കാരം.

നമസ്കാരം തുടങ്ങുന്നതിനു മുമ്പായി ചൊല്ലേണ്ട ദുആ

ഇന്നീ വജ്ജഹ്തു വജ്ഹിയ ലില്ലദീ — اِنِّیْ وَجَّهْتُ وَجْهِیَ لِلَّذِیْ

ഞാൻ എന്റെ മുഴുവൻ ശ്രദ്ധയും അവനിലേക്ക് തിരിച്ചിരിക്കുന്നു. ഏതൊരുവൻ

ഫത്വറസ്സമാവാത്തി വൽ അർളി ഹനീഫൻ — فَطَرَ السَّمٰوٰتِ وَالْاَرْضَ حَنِيْفًا

ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചുവോ അവനിലേക്ക് ഏകാഗ്ര മനസ്കനായിക്കൊണ്ട്

വമാ അന മിനൽ മുശ്‌രിക്കീൻ — وَمَا اَنَا مِنَ الْمُشْرِكِيْنَ ۝

ഞാൻ ബഹുദൈവവിശ്വാസികളിൽ പെട്ടവനല്ല.

കൈ കെട്ടിയ ഉടൻ ചൊല്ലുന്ന സ്തുതി വചനം:

സുബ്ഹാനകല്ലാഹുമ്മ വബിഹംദിക — سُبْحٰنَكَ اللّٰهُمَّ وَبِحَمْدِكَ

അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.

വതബാറകസ്മുക വതആലാ ജദ്ദുക — وَتَبَارَكَ اسْمُكَ وَتَعَالٰى جَدُّكَ

നിന്റെ നാമം അനുഗ്രഹീതമാകുന്നു, നിന്റെ മഹത്വം അത്യുന്നതമാകുന്നു.

വലാ ഇലാഹ ഗൈറുക — وَلَا اِلٰهَ غَيْرُكَ

നീയല്ലാതെ ആരാധനക്കർഹൻ മററാരും ഇല്ല.

റുകൂഇൽ ചൊല്ലേണ്ടത്:

സുബ്ഹാന റബ്ബിയൽ അളീം — سُبْحَانَ رَبِّيَ الْعَظِيْمِ

മഹാനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.

റുകൂഇൽ നിന്ന് ഉയരുമ്പോൾ ചൊല്ലേണ്ടത്:

സമിഅല്ലാഹു ലിമൻ ഹമിദഃ — سَمِعَ اللّٰهُ لِمَنْ حَمِدَهٗ

അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടിരിക്കുന്നു.

ഇഅ്തിദാലിൽ (നിവർന്നു) ചൊല്ലേണ്ടത്:

റബ്ബനാ ലകൽ ഹംദ്... — رَبَّنَا لَكَ الْحَمْدُ

ഞങ്ങളുടെ നാഥാ സർവസ്തുതിയും നിനക്കാകുന്നു.

സുജൂദിൽ ചൊല്ലേണ്ടത്:

സുബ്ഹാന റബ്ബിയൽ അഅ്‌ലാ — سُبْحَانَ رَبِّيَ الْاَعْلٰى

അത്യുന്നതനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.

ജൽസയിൽ:

അല്ലാഹുമ്മഗ്ഫിർലീ വർഹംനീ — اَللّٰهُمَّ اغْفِرْلِیْ وَارْحَمْنِیْ

അല്ലാഹുവേ എനിക്ക് പൊറുത്തു തരേണമേ, എന്നോട് കരുണകാണിക്കേണമേ,

വഹ്ദിനീ വ ആഫിനീ വർഫഅ്നീ — وَاهْدِنِیْ وَعَافِنِیْ وَارْفَعْنِیْ

എനിക്ക് മാർഗ്ഗദർശനം നൽകേണമേ,
എനിക്ക് സൗഖ്യം നൽകേണമേ,
എന്നെ ഉയർത്തേണമേ

വജ്ബുർനീ വർസുഖ്നീ — وَاجْبُرْنِیْ وَارْزُقْنِیْ

എന്റെ ന്യൂനതകളെ പരിഹരിച്ചു തരേണമേ, എനിക്ക് ആഹാരം നൽകേണമേ

# ഖുദ്ദാമിനും ലജ്നയ്ക്കും പരീക്ഷ ജൂലായിൽ

## ആയത്തുൽ കുർസിയ്യ്

اَللّٰهُ لَآ اِلٰهَ اِلَّا هُوَ اَلْحَيُّ الْقَيُّوْمُ

അല്ലാഹു—അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ (എല്ലാറ്റിനെയും) നിലനിർത്തുന്നവനും സ്വയം നിലനിൽക്കുന്നവനും.

لَا تَاْخُذُهٗ سِنَةٌ وَّلَا نَوْمٌ

അവനെ ബാധിക്കുകയില്ല മയക്കം ഉറക്കവും

لَهٗ مَا فِى السَّمٰوٰتِ وَمَا فِى الْاَرْضِ

അവന്റേതാകുന്നു ആകാശങ്ങളിലുള്ളത് ഭൂമിയിലുള്ളതും

مَنْ ذَا الَّذِىْ يَشْفَعُ عِنْدَهٗٓ اِلَّا بِاِذْنِهٖ

ആരാണ് ശുപാർശ ചെയ്യുന്നവൻ അവന്റെ അടുക്കൽ അവന്റെ അനുമതികൂടാതെ.

يَعْلَمُ مَا بَيْنَ اَيْدِيْهِمْ وَمَا خَلْفَهُمْ

അവൻ അറിയുന്നു അവരുടെ മുന്നിലുള്ളത് അവരുടെ പിന്നിലുള്ളതും.

وَلَا يُحِيْطُوْنَ بِشَيْءٍ مِّنْ عِلْمِهٖٓ اِلَّا بِمَا شَآءَ

അവർ ഗ്രഹിക്കുന്നില്ല യാതൊന്നും അവന്റെ അറിവിൽനിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ.

وَسِعَ كُرْسِيُّهُ السَّمٰوٰتِ وَالْاَرْضَ

വ്യാപിച്ചുനിൽക്കുന്നു അവന്റെ സിംഹാസനം ആകാശങ്ങളിൽ ഭൂമിയിലും.

وَلَا يَئُوْدُهٗ حِفْظُهُمَا

അവനെ ക്ഷീണിപ്പിക്കുന്നില്ല അവയുടെ സംരക്ഷണം.

وَهُوَ الْعَلِيُّ الْعَظِيْمُ

അവൻ അത്യുന്നതനാകുന്നു മഹാനുഭാവൻ

അല്ലാഹു—അവനല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും (എല്ലാറ്റിനെയും) നിലനിർത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല: ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (എല്ലാം) അവന്റേതാകുന്നു. അവന്റെ അനുമതികൂടാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യുന്നവൻ ആരുണ്ട്. അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും (എല്ലാം) അവൻ അറിയും. അവൻ ഉദ്ദേശിച്ചതല്ലാതെ. [അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ ഗ്രഹിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചുനിൽക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു.

# അൽഹഖ്

ജമാഅത്തംഗങ്ങളുടെ തഅ്‌ലീം, തർബിയത്ത് പരിപോഷിപ്പിക്കുകയും പ്രാദേശിക തലം മുതൽ അന്തർദേശീയ തലം വരെയുള്ള അഹ്മദിയ്യാ ചലനങ്ങൾ ഓരോരുത്തരെയും അറിയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു എളിയ സംരംഭമാണ് അൽഹഖ്. സംഭാവനകളയച്ച് ഈ പത്രത്തെ സഹായിക്കേണ്ടവർ ഇത് അൽഹഖ് ഓഫീസിൽ അയച്ചുകൊടുക്കേണ്ടതാണ്.

പ്രാദേശിക ജമാഅത്തുകളുടെ വാർത്തകൾ അയച്ചുകിട്ടിയാൽ യഥോചിതം പ്രസിദ്ധീകരിക്കുന്നതായിരിക്കും. ബാലന്മാരുടെ കുട്ടികളുടെയും യുവാക്കളുടെയും രചനകളും ഫോട്ടോ അയച്ചുതന്നാൽ അവരെ ഉൾപ്പെടുത്തുന്നതാണ്.

അൽഹഖിന് സംഭാവനകളും ഉപദേശനിർദ്ദേശങ്ങളും നൽകി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആളുകൾക്കും ഞങ്ങളുടെ നന്ദി. അല്ലാഹു എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ.

— പ്രസാധകർ,
അൽഹഖ് —
ബൈത്തുൽ അൻസ്വാർ കാവനൂർ
678543

## അത്തഹിയ്യാത്ത്:

اَلتَّحِيَّاتُ لِلّٰهِ وَالصَّلَوٰتُ وَالطَّيِّبٰتُ

اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهٗ

اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصّٰلِحِيْنَ

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا

عَبْدُهٗ وَرَسُوْلُهٗ

**അത്തഹിയ്യാത്തു ലില്ലാഹി**
എല്ലാ അഭിവാദ്യങ്ങളും അല്ലാഹുവിനാകുന്നു.
**വസ്സലവാത്തു വത്വയ്യിബാത്തു**
എല്ലാ പ്രാർത്ഥനകളും, എല്ലാ പരിശുദ്ധ കർമ്മങ്ങളും
**അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു**
പ്രവാചകരേ, അങ്ങേയ്ക്ക് ശാന്തിയും
**വറഹ്മത്തുല്ലാഹി വബറകാത്തുഹു**
അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹവും ഉണ്ടാവട്ടെ.
**അസ്സലാമു അലൈനാ വ അലാ**
ഞങ്ങളിലും ശാന്തിയും സമാധാനവും ഉണ്ടാവട്ടെ,
**ഇബാദില്ലാഹി സ്വാലിഹീൻ**
അല്ലാഹുവിന്റെ സജ്ജനങ്ങളായ ദാസന്മാരിലും
**അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു**
ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.

**വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹു**
മുഹമ്മദ്(സ) അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

## സ്വലാത്ത്:

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ

അല്ലാഹുവേ നീ മുഹമ്മദ്(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും സവിശേഷ കാരുണ്യം നൽകേണമേ

كَمَا صَلَّيْتَ عَلٰى اِبْرٰهِيْمَ وَعَلٰى اٰلِ اِبْرٰهِيْمَ

ഇബ്‌റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ സവിശേഷ കാരുണ്യം നൽകിയതുപോലെ.

اِنَّكَ حَمِيْدٌ مَّجِيْدٌ

നിശ്ചയമായും നീ സ്തുത്യർഹനും മഹത്വമുള്ളവനുമാണ്.

اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ

അല്ലാഹുവേ, നീ മുഹമ്മദ് (സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും അളവറ്റ അനുഗ്രഹം നൽകേണമേ

كَمَا بَارَكْتَ عَلٰى اِبْرٰهِيْمَ وَعَلٰى اٰلِ اِبْرٰهِيْمَ

ഇബ്‌റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അളവറ്റ അനുഗ്രഹം നൽകിയതു പോലെ.

اِنَّكَ حَمِيْدٌ مَّجِيْدٌ

നിശ്ചയമായും നീ സ്തുത്യർഹനും മഹത്വമുള്ളവനുമാണ്.

# റഫീഖിനും മുസഫ്ഫറിനും ചാമ്പ്യൻഷിപ്പ്

മുറിയങ്കണ്ണി: മെയ് 16ന് നടന്ന ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് മേഖലാ ക്യാമ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയന്റുകൾ നേടിയ അത്ഫാൽ അംഗങ്ങളായ സി.റഫീഖും (മുറിയങ്കണ്ണി) കെ.എ. മുസഫ്ഫർ അഹ്മദും (മണ്ണാർക്കാട്) യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾക്കർഹരായി.

വിവിധ മത്സരങ്ങളിൽ സമ്മാനം നേടിയവരുടെ പേരുകൾ താഴെ ചേർക്കുന്നു: അത്ഫാൽ വിഭാഗം; **ഖിറാഅത്ത്:** 1 A A മുസഫ്ഫർ അഹ്മദ് (മണ്ണാർക്കാട്. 2. K. സലീം അലനല്ലൂർ 2. സി.റഫീഖ് മുറിയങ്കണ്ണി 3. C നാസിർ അലനല്ലൂർ. **മലയാള പ്രസംഗം:** 1. C. P. താഹിർ അഹ്മദ് കാവശ്ശേരി. 2. C. റഫീഖ്, 3 A.L. ഷിയാസ് അഹ്മദ് മണ്ണാർക്കാട്, **ഉറുദു പദ്യം:** AA മുസഫ്ഫർ അഹ്മദ് 2. P. സലാഹുദ്ദീൻ മുറിയങ്കണ്ണി. 3. C. നാസിർ. **ബാങ്ക് വിളി;** 1. C. റഫീഖ്, C.N. നിസാമുദ്ദീൻ അലനല്ലൂർ, 2. C.P. താഹിർ അഹ്മദ്. 3. AA മുസഫ്ഫർ അഹ്മദ്, K. സലീം. **പ്രസംഗം:** A.L. ഷിയാസ് അഹ്മദ്, 2 C P സുൽത്താൻ, P. സലാഹുദ്ദീൻ മുറിയങ്കണ്ണി.

**ഖുദ്ദാം വിഭാഗം: ഖിറാഅത്ത്:** C. J. വസീം അഹ്മദ്, അലനല്ലൂർ, 2. P. നാസിർ, 3. K. ഉസ്മാൻ മുറിയങ്കണ്ണി. പദ്യം (മലയാളം) 1. S. നൗഷാദ് അഹ്മദ് മണ്ണാർക്കാട്, 2. C. J. വസീം അഹ്മദ് 3. T. ജലാൽ മുറിയങ്കണ്ണി **ഉറുദു:** C. J. വസീം അഹ്മദ്, C. J. നസീം അഹ്മദ് അലനല്ലൂർ 3. K. ഉമർ മുറിയങ്കണ്ണി. പ്രബന്ധരചന: 1. K. മുബശ്ശിർ അഹ്മദ് മുറിയങ്കണ്ണി. 2. K. ഉസ്മാൻ 3. C. J. വസീം അഹ്മദ്, ബാങ്ക് 1. C. J. വസീം അഹ്മദ്, 2. T. ജലാൽ, P. നാസിർ, 3. T. മുഹമ്മദ് മൻസിൽ മുറിയങ്കണ്ണി.

**പൊതുമത്സരങ്ങൾ:** ക്വിസ്സ്: 1. C. മുഹമ്മദ് അലനല്ലൂർ, 2. A.L. ഷിയാസ് അഹ്മദ് (അത്ഫാൽ) മെമ്മറി ടെസ്റ്റ്: 1. ടി.ജലാലുദ്ദീൻ, അത്ഫാൽ മുറിയങ്കണ്ണി. 2. P. ഇബ്റാഹീം മുറിയങ്കണ്ണി. തലവാചകം: 1. ടി. കുഞ്ഞിമു മാസ്റ്റർ മുറിയങ്കണ്ണി.

ക്വിസ് മാസ്റ്ററായി കോഴിക്കോട്ടെ മുനീറിൻ സാഹിബ് സേവനമനുഷ്ഠിച്ചു. സമാപന ചടങ്ങിൽ PM ബഷീർ അഹ്മദ് സാഹിബ്, മലപ്പുറം മേഖലാ സെക്രട്ടറി T.K അമീറലി സാഹിബ് എന്നിവരും ക്യാമ്പിൽ സംബന്ധിച്ചു.

സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും MK നൗഷാദ് അഹ്മദ് സാഹിബ് വിതരണം ചെയ്തു. സമ്മാനങ്ങൾ മുഴുവൻ മണ്ണാർക്കാട്ടെ പേര് വെളിപ്പെടുത്താനിഷ്ടപ്പെടാത്ത ഒരു യുവ സഹോദരന്റെ വകയായിരുന്നു. അല്ലാഹു അദ്ദേഹത്തിനു മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ.

# ജനിതക ശാസ്ത്രാവബോധം വളർത്തണം- ഡോ.പവിത്രൻ

കോഴിക്കോട്: മെയ് 16: ജനിതക ശാസ്ത്രത്തിൽ കഴിഞ്ഞ ദശകത്തിലുണ്ടായ പുരോഗതി മനുഷ്യരാശിയുടെ ഭൗതിക ക്ഷേമത്തെ പലമടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വിഭവ ദൗർബല്യം അനുഭവിക്കുന്ന മൂന്നാം ലോക രാജ്യങ്ങളുടെ രക്ഷയ്ക്ക് ഈ ശാസ്ത്ര ശാഖ വമ്പിച്ച സംഭാവനകളാണ് നൽകിയിട്ടുള്ളതെന്നും അതുകൊണ്ട് ജനിതക ശാസ്ത്രത്തെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തേണ്ടതാണെന്നും കോഴിക്കോട് സർവ്വകലാശാലയിലെ ബോട്ടണി വകുപ്പധ്യക്ഷൻ ഡോ. പവിത്രൻ അഭിപ്രായപ്പെട്ടു. കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യ 'ജനിതക ശാസ്ത്രവും സാമൂഹ്യ ക്ഷേമവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച പഠനക്ലാസ്സിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ബൗദ്ധിക സ്വത്തവകാശങ്ങളുടെ പേറ്റന്റ് സമ്പ്രദായത്തെ നിശിതമായി വിമർശിച്ച പവിത്രൻ, ഡങ്കൽ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ ഇന്ത്യൻ കാർഷികരംഗത്ത് തകർച്ച നേരിടേണ്ടിവരുമെന്നു മുന്നറിയിപ്പ് നൽകി.

## മലപ്പുറം മേഖലാ ഇജ്തിമാ:

പത്തപ്പിരിയം ഖുദ്ദാമുൽ അഹ്മദിയ്യാ മലപ്പുറം മേഖലാ ഇജ്തിമാ പത്തപ്പിരിയം പള്ളിയിൽ മെയ് 30ന് വിജയകരമായി സംഘടിപ്പിക്കപ്പെട്ടു. (വിശദ റിപ്പോർട്ട് അടുത്ത ലക്കത്തിൽ ഉണ്ടായിരിക്കുന്നതാണ് ഇ.അ.)

# വഖ്ഫെനൗ ശിക്ഷണ പരിപാടികൾ

മൂന്നാം പേജിൽ നിന്ന്

* കുട്ടികൾക്ക് അനുസരണശീലം പഠിപ്പിക്കുക. ചെയ്യരുത് എന്ന് പറയപ്പെട്ടപ്പോൾ അവർ ചെയ്യരുത്. പക്ഷെ ആ അവസരത്തിൽ സത്യവും അനുകമ്പയും ഉണ്ടായിരിക്കേണ്ടതാണ്.

## 2 മുതൽ 3 വയസ്സുവരെ

ജനുവരി: കുട്ടി എന്തു ചെയ്യാൻ തുടങ്ങുമ്പോഴും بسم الله എന്നു ചൊല്ലേണ്ടതാണ്.
ഫെബ്രുവരി: കുട്ടി മറ്റുള്ളവരെ കണ്ടുമുട്ടുമ്പോൾ السلام عليكم എന്നു പറയേണ്ടതാണ്. ആൺകുട്ടിയാണെങ്കിൽ രണ്ടു കൈകൊണ്ടും കൈകൊടുക്കുക. പെൺകുട്ടിയാണെങ്കിൽ സ്നേഹവും അനുഗ്രഹവും വാങ്ങുക.
മാർച്ച്: ഭക്ഷണത്തിനു ശേഷം കുട്ടി الحمد لله എന്നു ചൊല്ലേണ്ടതാണ്. ഏപ്രിൽ: കുട്ടിക്ക് എന്തെങ്കിലും സാധനം കൊടുക്കപ്പെട്ടാൽ جزاك الله എന്നു പറയേണ്ടതാണ്. മെയ്: എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ استغفر الله എന്നു പറയേണ്ടതാണ്.
ജൂൺ: പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും അവനുവേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് എന്ന് കുട്ടിയെ ബോധവാനാക്കുക. കൂടാതെ താൻ വഖ്ഫെ നൗവിൽപ്പെട്ട ഒരു കുട്ടിയാണ് എന്നും പഠിപ്പിക്കുക.
ജൂലായ്: വലത് കൈകൊണ്ട് വാങ്ങാനും കൊടുക്കാനുമുള്ള സ്വഭാവമുണ്ടാക്കുക. ജോലികൾ വലതു കൈകൊണ്ട് ചെയ്യിക്കുക. മാലിന്യങ്ങൾ വൃത്തിയാക്കൽ മൂക്ക് ചീറ്റൽ മുതലായ കാര്യങ്ങൾ ഇടത് കൈകൊണ്ട് ചെയ്യാൻ ശീലിപ്പിക്കുക.
ആഗസ്റ്റ്: കുട്ടികൾക്ക് കാശു വെച്ചുകൊടുത്തും സാധനങ്ങൾ കൊടുത്തും ഉദാരമനസ്കരാക്കുക. എന്നിട്ട് അതിൽ നിന്ന് മറ്റുള്ളവർക്കും കൊടുക്കാൻ പ്രേരിപ്പിക്കുക.
സെപ്തംബർ: കുട്ടികളുടെ ബുദ്ധിയുടെ വികാസത്തിനും വളർച്ചക്കും പറ്റിയ സാധനങ്ങൾ കൊടുക്കുക.
ഒക്ടോബർ: നമ്മുടെ പ്രിയപ്പെട്ട റസൂൽ മുഹമ്മദ് (സ.അ) ആണെന്ന് പഠിപ്പിക്കുക.
നവംബർ: കലിമ തയ്യിബ (لا اله الا الله محمد رسول الله) പഠിപ്പിക്കുക.
ഡിസംബർ: നമ്മുടെ ഹുസൂറിന്റെ പേര് ഹസ്രത്ത് മിർസാ താഹിർ അഹ്മദ് സാഹിബ് എന്നാകുന്നു. അദ്ദേഹം ഖലീഫ ആണുള്ളത് എന്ന് പഠിപ്പിക്കുക
(ഓരോമാസവും അതാത് കാര്യങ്ങൾ പഠിപ്പിക്കുക)

(ബദ്ർ 1993 മെയ് 6)
വിവ: T.M. മുഹമ്മദ് സാഹിബ്...

(തുടരും...)

BY Majlis Kuddamul Ahmadiyya, Kavassery, 678543 PALAKKAD.
EDITOR: H.S. KAVASSERY. PUBLISHER: A.A. SALEEM, KUNISSERY
FOR PRIVATE CIRCULATION ONLY.